അതിലംഘിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ ആഫീസിൽ നിന്ന് ഏകദേശം 516-ഓളം കാർട്ടേഴ്സുകൾ അനുവദിച്ചിരിക്കുന്നു. ഈ രണ്ട് പ്രശ്നങ്ങളും സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടിയാണ് ഈ സബ്മിഷൻ.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, പൊതുഭരണ സെക്രട്ടേറിയറ്റിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച് സ്ഥിരപ്പെടുത്തിയ സെക്യൂരിറ്റിക്കാരും പി.എസ്.സി.വഴി നിയമിക്കപ്പെട്ട സെക്യൂരിറ്റിക്കാരുമുണ്ട്. 21-11-2006-ൽ പ്രസിദ്ധീകരിച്ച സീനിയോറിട്ടി ലിസ്റ്റിൽ താൽക്കാലികക്കാരായി വന്ന് സ്ഥിരപ്പെടുത്തപ്പെട്ടവർക്കാണ് സീനിയോറിട്ടി ലഭിച്ചത്. ഇതിനെതിരെ പി.എസ്.സി. വഴി നിയമനം ലഭിച്ചവർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റിഷനിൽ അനുകൂലമായ വിധിയുണ്ടായി. ഇതിനെതിരെ എംപ്ലോയ്മെന്റ് എക്സചേഞ്ച് മുഖേന നിയമനം ലഭിച്ചവർ അപ്പീൽ ഫയൽ ചെയ്തെങ്കിലും ഹൈക്കോടതി അംഗീകരിച്ചില്ല. കോടതി വിധിപ്രകാരം സെക്യൂരിറ്റി ജീവനക്കാരുടെ സീനിയോറിറ്റി പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചുവരവെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ടവർ സുപ്രീംകോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്തു. സുപ്രീം കോടതി എസ്.എൽ.പി. ഫയലിൽ സ്വീകരിക്കുകയും സ്റ്റാറ്റസ്കോ നിലനിർത്തുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. 15-3-2010-ലെ ഇടക്കാല ഉത്തരവ് പ്രകാരം എസ്. എൽ.പി.-യിലെ അന്തിമ വിധിക്ക് വിധേയമായി പ്രൊമോഷൻ നൽകാൻ സുപ്രീംകോടതി അനുമതി നൽകി. തുടർന്ന് അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം തേടുകയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചവർക്ക് സീനിയോറിറ്റി നൽകിക്കൊണ്ടുള്ള പഴയ ലിസ്റ്റ്, പുതിയ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതോടെ ഇല്ലാതായി എന്നും പുതിയ ലിസ്റ്റിൽ നിന്ന് എസ്.എൽ.പി.-യുടെ അന്തിമ വിധിക്ക് വിധേയമായി പ്രൊമോഷൻ നൽകാവുന്നതാണെന്നുമുള്ള അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശ പ്രകാരം അന്തിമ ലിസ്റ്റ് 13-7-2010-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. സുപ്രീംകോടതി വിധിക്ക് വിധേയമായിട്ടായിരിക്കും സെക്രട്ടേറിയറ്റിലെ സെക്യൂരിറ്റി ജീവനക്കാരുടെ പ്രൊമോഷൻ നടത്തുന്നത്.

(2) അർബുദരോഗവ്യാപനം

ശ്രീ. മഞ്ഞളാംകുഴി അലി : സർ, എന്റെ മണ്ഡലത്തിലെ കുട്ടിലങ്ങാടി പഞ്ചായത്തിലെ മുഞ്ഞക്കുളം പ്രദേശത്ത് ഏകദേശം അരകിലോമീറ്റർ ചുറ്റളവിൽ ധാരാളം പേർ അർബുദരോഗം കൊണ്ട് മരണപ്പെട്ടിട്ടുണ്ട്. കുറെയധികം പേർ രോഗവുമായി മല്ലിട്ട് കഴിയുകയാണ്. ചില പത്രങ്ങളിൽ അടുത്ത കാലത്ത് വന്ന വാർത്തകൾ കണ്ട് ആ പ്രദേശത്ത് താമസിക്കുന്നവർ ഭീതിയിലാണ്. പരിസ്ഥിതി പ്രവർത്തകർ പറയുന്നത് അടുത്ത പ്രദേശങ്ങളിലുള്ള എസ്റ്റേറ്റുകളിൽ നിന്ന് ഒഴുകിവരുന്ന പുഴയിലെ കീടനാശിനി കലർന്ന വെള്ളം കുടിച്ചതുകൊണ്ടാണ് ഈ രോഗം വന്നതെന്നാണ്. ഇത് ഉണ്ടാകാനുള്ള കാരണങ്ങൾ പഠിക്കാനും ജനങ്ങളുടെ ഭീതിയകറ്റാനും ആരോഗ്യവകുപ്പ് അടിയന്തരമായി നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, കൂട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിലെ മുഞ്ഞക്കുളത്ത് അർബുദരോഗം വ്യാപിക്കുന്നതായി ആരോഗ്യവകുപ്പിന് പ്രത്യേക റിപ്പോർട്ട് കിട്ടിയിട്ടില്ല. അതേസമയം പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ക്യാൻസർ രോഗവ്യാപനം തടയുന്നതിനും രോഗം കാലേക്കൂട്ടി കണ്ടെത്തുന്നതിനും ആരംഭഘട്ടത്തിൽതന്നെ ചികിൽസ ഉറപ്പുവരുത്തുന്നതിനും സർക്കാർ പദ്ധതികൾ ആവിഷ്ക്കരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി ആർ.സി.സി., മലബാർ ക്യാൻസർ സെന്റർ എന്നിവയ്ക്ക് പുറമെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധരെയും സ്വകാര്യ സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് കഴിഞ്ഞ മാസം വിശദമായി ഒരു ചർച്ച നടത്തുകയുണ്ടായി. ഇതനുസരിച്ച് ഓരോ ജില്ലയിലും പ്രധാനപ്പെട്ട ഒരു ആശുപത്രിയിലെങ്കിലും ക്യാൻസർ നിർണ്ണയത്തിനും പ്രാരംഭ ചികിൽസയ്ക്കും സൗകര്യങ്ങൾ ഒരുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഈ ആശുപത്രികളിലെ തെരഞ്ഞെടുക്കപ്പെട്ട ഡോക്ടർമാർക്ക് ആർ.സി.സി-യിലും മലബാർ ക്യാൻസർ സെന്ററിലും പരിശീലനം നൽകാനും തീരുമാനിച്ചിട്ടുണ്ട്. ഇതിന് പുറമെ പ്രാദേശികമായി പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ക്യാൻസർ നിർണ്ണയ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്. കൂട്ടിലങ്ങാടി പഞ്ചായത്തിലെ മുഞ്ഞക്കുളം പ്രദേശത്തെ കുടിവെള്ളത്തിന്റെ പ്രശ്നമാണ് ബഹുമാനപ്പെട്ട മെമ്പർ എടുത്ത് പറഞ്ഞിട്ടുള്ളത്. കേരളത്തിൽ പൊതുവെ തന്നെ കുടിവെള്ളത്തിന്റെ പ്രശ്നം ഉള്ളതാണ്. ഈ കഴിഞ്ഞ കുറച്ച് മാസങ്ങൾക്ക് മുമ്പ് കൈനകരി ഗ്രാമപഞ്ചായത്തിൽ നടത്തിയതുപോലെയുള്ള ഒരു സർവ്വേയും മെഡിക്കൽ കോളേജിലെ വിദഗ്ദ്ധരായിട്ടുള്ള ഡോക്ടേഴ്സിനെ വച്ച് ഒരു പരിശോധനയും ഒപ്പം രോഗനിർണ്ണയ ക്യാമ്പും നടത്തുന്നതിനെക്കുറിച്ച് ആലോചിക്കാം.

(3) നെൽപ്പാടങ്ങൾ സംരക്ഷിക്കാൻ നടപടി

ശ്രീ. പി. സി. ജോർജ് : സർ, 2008-ലെ കേരള നെൽവയൽ-നീർത്തട സംരക്ഷണ നിയമം സംസ്ഥാനത്തെയും പരിസ്ഥിതിയെയും ഭൂമിയേയും സംരക്ഷിക്കുവാൻ നമ്മൾ വളരെ ആഘോഷമായി പാസ്സാക്കിയതാണ്. 2008 ഡിസംബർ 24-ന് ചട്ടങ്ങൾ ഉണ്ടാക്കിക്കൊണ്ടുള്ള ഗസറ്റ് വിജ്ഞാപനമായി. പക്ഷേ ഒരു സ്ഥലത്തും ഇത് പ്രാവർത്തികമാക്കുവാനുള്ള ശ്രമം നടന്നുകാണുന്നില്ല. 30 കോടി രൂപ ചെലവുള്ള ആക്കുളം കായൽ വികസന പ്രോജക്ടിന്റെ ഉദ്ഘാടനത്തിനെത്തിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അവിടെ നിന്ന് നേരേ നോക്കിയാൽ ആക്കുളം കായലിലെ നികത്തൽ കാണാമായിരുന്നു. എൻ.എച്ച്-നേക്കാൾ വീതിയിൽ ഒരു റോഡ് ശരിയാക്കിക്കൊണ്ടിരിക്കുകയാണ്. ഉദ്ഘാടനചടങ്ങിൽ പങ്കെടുത്ത തിരുവനന്തപുരം എം.എൽ.എ. ശ്രീ. വി. ശിവൻകുട്ടി, ഇത് തടയുമെന്ന് അവിടെ പ്രഖ്യാപിക്കുകയും ചെയ്തു. ഞാൻ ഇന്നലെ അന്വേഷിച്ചപ്പോൾ ഇന്നലേയും നികത്തിക്കൊണ്ടിരിക്കുകയാണ്. ഇതു സംബന്ധിച്ച് ദൃശ്യ മാധ്യമങ്ങൾ മുഴുവൻ വാർത്ത പ്രസിദ്ധീകരിച്ചു. ഞാൻ ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും റവന്യൂ

LIBRARY ARCHIVES Kerala Legislative Assembly